**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1867** **19-01-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം നഗരത്തിൽ ആകാശപ്പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ച "ആകാശപ്പാത" (സ്കൈ വാക്ക്) യുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് പൂർത്തിയാക്കാൻ സാധിക്കുമോയെന്നറിയിക്കുമോ; | (എ) | കോട്ടയം ശീമാട്ടി ജംഗ്ഷനിലെ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "സ്കൈവാക്ക്" 5,18,62,000/- രൂപയുടെ ഈ പദ്ധതിയ്ക്കുവേണ്ടി ഇത് വരെ 1 കോടി 75 ലക്ഷം രൂപ KITCO യ്ക്ക് കൈമാറിയിട്ടുണ്ട്. ടി പദ്ധതി 2021-ൽ തന്നെ പൂർത്തീകരിക്കുന്നതിനുവേണ്ടി KITCO യും കേരള റോഡ് സുരക്ഷാ അതോറിറ്റി ടെക്നിക്കൽ ഗ്രൂപ്പും ചേർന്ന് പുതുക്കിയ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കാലതാമസം പരിഹരിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | 08/01/2021-ൽ നടന്ന 43-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ ഒരു അജണ്ട ഐറ്റമായി "സ്കൈവാക്ക്" പദ്ധതി ചർച്ച ചെയ്യുകയും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതുമൂലം പൂർത്തീകരണ ചെലവ് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ